## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 260

18/07/2016 -ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ നയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. എം. ഉമ്മർ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. ടി.വി. ഇബ്രാഹിം. | പ്രൊഫ.സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നയത്തിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) & ബി) & സി) ഉണ്ട്. പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുക എന്നുള്ളതാണ് സർക്കാരിന്റെ വിദ്യാഭ്യാസ നയം. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, പാഠ്യപദ്ധതികൾ പരിഷ്കരിച്ചും അക്കാഡമിക നിലവാരം ഉയർത്തിയും പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. വിവിധ വിഭവ സ്രോതസ്സുകളെ ഉദ്ഗ്രഥിച്ചുകൊണ്ടാണ് മേൽപ്പറഞ്ഞ പ്രക്രിയയ്ക്ക് ആവശ്യമായ വിഭവം കണ്ടെത്തുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പൂർണ്ണമായ അക്കാഡമിക് സ്വയം ഭരണം നൽകിക്കൊണ്ടും, ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനികവത്ക്കരിച്ചു കൊണ്ടുമാണ് മികവിന്റെ കേന്ദ്രങ്ങളാക്കുക നിലവിലുള്ള അദ്ധ്യാപക കേന്ദ്രീകൃത വിദ്യാഭ്യാസ രീതിക്കു പകരം, വിദ്യാർത്ഥി കേന്ദ്രീകൃത രീതി അവലംബിക്കുന്നതിലൂടെ ഓരോ കുട്ടിയുടേയും സർഗ്ഗപരമായ കഴിവുകളെ സമഗ്രമായി വികസിപ്പിച്ചെടുത്ത് സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി മാറ്റിക്കൊണ്ടാണ് പൗരബോധം വളർത്തുവാൻ ഉദ്ദേശിക്കുന്നത്. |
| ബി) എങ്കിൽ ഏതു വിധത്തിലുള്ള മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | |
| സി) അതു പ്രകാരം, കുട്ടികളിൽ പൗരബോധം വളർത്തിയെടുക്കാൻ നിലവിലുള്ളതിൽ കൂടുതലായിഎന്തൊക്കെ പരിഷ്കാരങ്ങളാണ് പരിഗണനയിലുള്ള തെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ആഫീസർ